# മതപരിവർത്തനവും ദളിത് രാഷ്ട്രീയവും

സി. ആർ. നീലകണ്ഠൻ നമ്പൂതിരി

**ദളിതരുടെ ദൈവങ്ങൾക്കും അയിത്തമുണ്ട്. നവരാത്രിക്കാലത്ത് ദേവീവിഗ്രഹവുമായി പ്രദക്ഷിണം നടത്തുമ്പോൾ ജാതി ഹിന്ദുക്കൾ തങ്ങളുടെ ദൈവത്തെ കറുത്ത വസ്ത്രം പുതപ്പിക്കുന്ന രീതി കാഞ്ചിപുരത്തുണ്ട്. ദളിത് ദൈവങ്ങളെ കണ്ട് അശുദ്ധമാകാതിരിക്കാനാണത്രെ അത്.**

പ്രത്യക്ഷത്തിൽ ബന്ധമില്ലെന്നു തോന്നാവുന്ന രണ്ടു സംഭവങ്ങൾ ഈയിടെ നടന്നു. ഹരിയാന ജത്സാറിൽ നടന്ന ദളിതരുടെ കൂട്ടക്കൊലയും തമിഴ്നാട് സർക്കാർ പുറപ്പെടുവിച്ച 'നിർബന്ധിത മതപരിവർത്തനം തടയുന്ന ഓർഡിനനൻസ് - 2002'ഉം. 'പശുവിനെ ജീവനോടെ തൊലിയുരിച്ചുവെന്ന് കള്ളപ്രചരണം നടത്തിയാണ് ജത്സാറിൽ വിജയദശമി ദിവസം അഞ്ച് ദളിത് യുവാക്കളെ കൊന്നത്. ആദ്യത്തെയാളെ പോലീസ് തന്നെ കൊന്നതാണെന്നും അതു മറച്ചുവയ്ക്കാൻ 'ജനക്കൂട്ട'ത്തെക്കൊണ്ട് ബാക്കി നാലുപേരെക്കൂടി കൊല്ലിച്ചുവെന്നും പറയുന്നു. മേവാർ ജില്ലയിൽ ദളിത് കുടുംബങ്ങൾ ഇസ്ലാമിലേക്ക് പരിവർത്തനം ചെയ്തതിനുള്ള 'ശിക്ഷ'യാണിതെന്ന് പ്രഖ്യാപിച്ചുകൊണ്ട് വിശ്വഹിന്ദുപരിഷത്തുകാർ അന്ന് പഥസഞ്ചലനം നടത്തിയെന്നും പറയുന്നു. കുറ്റവാളികളെന്നു സംശയിക്കുന്നവരെ അറസ്റ്റുചെയ്യാൻ ആഴ്ചകളെടുത്തു. അതും ദേശീയതലത്തിൽ അറിയപ്പെടുന്ന ഇടതുപക്ഷ-ദളിത് നേതാക്കൾ ഇടപെട്ടതിനു ശേഷം മാത്രം. സംസ്ഥാനം ഭരിക്കുന്നത് സംഘപരിവാറിന്റെ സഖ്യകക്ഷിയാണ്. ജാതിഹിന്ദുക്കളെ വെറുപ്പിക്കാൻ താല്പര്യമില്ലാത്തതിനാൽ കോൺഗ്രസും മിണ്ടിയില്ല. "അവർ മുസ്ലീങ്ങളല്ല- അവരെ കൊല്ലരുത്" എന്ന് തങ്ങൾ ജനക്കൂട്ടത്തോടു വിളിച്ചുപറഞ്ഞെങ്കിലും അതാരും ശ്രദ്ധിച്ചില്ലെന്ന് ഒരു പോലീസ് ഉദ്യോഗസ്ഥൻ വിലപിക്കുന്നു. മുസ്ലീങ്ങളാണെന്ന് 'തെറ്റിദ്ധരിച്ച്' ചെയ്തുപോയ 'അബദ്ധ'മാകുമെന്നും പറയുന്നു.

മുസ്ലീങ്ങളാണെങ്കിൽ ഇത് ചെയ്യാമെന്നോ? ചിലരെ അറസ്റ്റ് ചെയ്തപ്പോൾ 'ശങ്കരാചാര്യരാ'ണെന്നു വരെ പരിചയപ്പെടുത്തിക്കൊണ്ട് പോലീസ് ഉദ്യോഗസ്ഥരെ വിരട്ടി. കഴിഞ്ഞ രണ്ടുമൂന്നു ദിവസങ്ങളായി ജാതിഹിന്ദുക്കൾ 'മഹാപഞ്ചായത്ത്' ചേർന്ന് പ്രതികളെ മോചിപ്പിക്കണമെന്നാവശ്യപ്പെട്ട് റോഡ് തടയൽ നടത്തിയിരിക്കുകയാണ്. 19ാം നൂറ്റാണ്ടുവരെ കാര്യമായി ആരും പരിഗണിക്കാതിരുന്ന 'ഗോസംരക്ഷണം'സവർണ ഫാഷിസ്റ്റുകളുടെ നല്ലൊരായുധമാക്കി ഉയർത്തിയെടുത്തത് അടുത്തകാലത്താണ്.

## മതപരിവർത്തന നിരോധനം

ഒരു വ്യക്തിക്ക് മതം സ്വന്തം സംസ്കാരത്തിന്റെ ഭാഗമാണ്. അബോധപൂർവ്വമാണെങ്കിൽ കൂടി ദൈവവിശ്വാസത്തിനപ്പുറം ഭക്ഷണം, വസ്ത്രം, ധർമ്മാധർമ്മചിന്ത, ജനനം, മരണം, വിവാഹം തുടങ്ങിയവയെയെല്ലാം മതം സ്വാധീനിക്കുന്നു. മതപരിവർത്തനം വ്യാപകമാകുന്നതിനുള്ള പ്രധാന കാരണം ജാതിഹിന്ദുക്കൾ ദളിതരുടെ മേൽ നടത്തുന്ന അടിച്ചമർത്തലാണ്. അംബേദ്കർ ബുദ്ധമതത്തിലേക്കു നടത്തിയ കൂട്ടമതപരിവർത്തനം ഇന്ത്യയിലെ ദളിത് രാഷ്ട്രീയപ്രവർത്തനത്തിന്റെ അടിത്തറയായി. നാലു പതിറ്റാണ്ടിനകം അമേരിക്കയിലെ 20 ലക്ഷം ആഫ്രിക്കൻ അമേരിക്കക്കാർ (കറുത്ത വർഗ്ഗക്കാർ) ഇസ്ലാമിലേക്കു മതപരിവർത്തനം നടത്തി. ക്രിസ്ത്യാനികളായ വെള്ളക്കാരുടെ വിവേചനമാണു പ്രശ്നം. ക്രിസ്തു തന്നെ വെളുത്തവനും ചുവന്ന മുടിയും നീലക്കണ്ണുമുള്ളവനാണെന്ന തിരിച്ചറിവും തങ്ങളുടെ സ്വത്വം കറുത്ത ആഫ്രിക്കയിലും അവിടെ നിലവിലുണ്ടായിരുന്നുവെന്നു വിശ്വസിക്കപ്പെടുന്ന ഇസ്ലാമിലുമാണെന്നവർ വിശ്വസിക്കുന്നു. ഇത് പ്രതിഷേധമാണ്, സ്വത്വം തേടലാണ്.



മതപരിവർത്തനം വേദനിപ്പിക്കുന്നത്, ഹിന്ദു വോട്ട്ബാങ്കിനെ ആശ്രയിക്കുന്ന രാഷ്ട്രീയസഖ്യത്തേയാണ്. നിർബന്ധിതമായ മതപരിവർത്തനം തത്വത്തിൽ ആരും അംഗീകരിക്കുന്നില്ല. രണ്ടാംവത്തിക്കാൻ കൗൺസിൽ (1965) അതു വ്യക്തമായി പറയുന്നു. നയമെന്തായാലും ഫലത്തിൽ സമ്മർദ്ദവും പ്രലോഭനവുമുണ്ടാക്കാം. പക്ഷെ ഇന്നത്തെ നിയമസംവിധാനത്തിൽ ഇതു തെളിയിക്കുക പ്രയാസമാകും. 1967ൽ ഒറീസയിലും തുടർന്ന് മദ്ധ്യപ്രദേശിലും സംസ്ഥാനസർക്കാർ ഇതേ നിയമം കൊണ്ടുവന്നു. ഒറീസ ഹൈക്കോടതി അതു റദ്ദാക്കി. മദ്ധ്യപ്രദേശിലെ കോടതി അംഗീകരിച്ചു. 77ൽ സുപ്രീംകോടതി ഇടപെട്ടു പറഞ്ഞു "മതപരിവർത്തനത്തിനുള്ള അവകാശമെന്നത് ഒരാൾക്ക് സ്വന്തം മതം പ്രചരിപ്പിക്കാനുള്ള ഭരണഘടനാപരമായ അവകാശത്തിൽപ്പെടില്ല."

തമിഴ്ദളിത് പ്രശ്നം ദേശീയതലത്തിൽ ശ്രദ്ധിക്കപ്പെടുന്നത് 1981 ലെ മീനാക്ഷിപുരം സംഭവത്തോടെയാണ്. അവിടെയൊരു കോളനിയാകെ ഇസ്ലാംമതത്തിലേക്കു മാറി. പിന്നീട് ഒട്ടേറെ വിവാദങ്ങളുണ്ടായി. 1986ൽ സർക്കാർ നിയമിച്ച കമ്മീഷൻ ഇത്തരമൊരു നിയമം ഉണ്ടാക്കണമെന്നു നിർദ്ദേശിച്ചു. എം. ജി. രാമചന്ദ്രന്റെ സർക്കാർ ഇത് അംഗീകരിച്ചുവെങ്കിലും നിയമമാക്കിയില്ല.

സംസ്ഥാനത്ത് തമിഴ്ദളിതന്റെ അവസ്ഥ ദുരിതമയമാണ്. 191 ഗ്രാമങ്ങൾ ദളിത് പീഡന സാദ്ധ്യതയുള്ളവയാണെന്ന് സർക്കാർത്തന്നെ അംഗീകരിച്ചിട്ടുണ്ട്. 'തൊട്ടുകൂടായ്മ'യെന്ന കുറ്റം ചുമത്തി 2084 കേസുകൾ കഴിഞ്ഞ വർഷം മാത്രം ചാർജ് ചെയ്തിട്ടുണ്ട്. ദളിതർക്ക് ചിരട്ടയിലോ പ്രത്യേക ഗ്ലാസുകളിലോ മാത്രം ചായ നൽകുന്ന ഒട്ടേറെ സ്ഥലങ്ങൾ തമിഴ്നാട്ടിലുണ്ട്. ദളിതർക്കു പ്രവേശിക്കാനാകാത്ത ക്ഷേത്രങ്ങളും കുളങ്ങളുമുണ്ട്. നിഷേധിക്കപ്പെട്ട കിണറുകളുണ്ട്. ശവസംസ്കാരത്തിന് അവരെ നിർബന്ധിച്ച് ചെണ്ട കൊട്ടിക്കുന്നുണ്ട്. ജാതിഹിന്ദുക്കളോട് കൂലി ചോദിച്ചതിന് മർദ്ദിച്ച ഒട്ടേറെ അവസരങ്ങളുണ്ട്. ഭൂമിതർക്കങ്ങളിൽ ദളിത്കർഷകനെ മൂത്രം കുടിപ്പിച്ച അവസരമുണ്ടായിട്ടുണ്ട്. ദളിതരുടെ ദൈവങ്ങൾക്കും അയിത്തമുണ്ട്. നവരാത്രിക്കാലത്ത് ദേവീവിഗ്രഹവുമായി പ്രദക്ഷിണം നടത്തുമ്പോൾ ജാതിഹിന്ദുക്കൾ തങ്ങളുടെ ദൈവത്തെ കറുത്ത വസ്ത്രം പുതപ്പിക്കുന്ന രീതി കാഞ്ചിപുരത്തുണ്ട്. ദളിത് ദൈവങ്ങളെ കണ്ട് അശുദ്ധമാകാതിരിക്കാനാണത്രെ അത്.

മധുരക്കടുത്ത് മേലാവളവ് പഞ്ചായത്തിലെ പ്രസിഡന്റും വൈസ്പ്രസിഡന്റുമടക്കം ഏഴുപേരെ നടുറോട്ടിലിട്ടു കൊല ചെയ്ത സംഭവമുണ്ടായി. ദളിതർക്കായി പ്രസഡന്റ് പദം സംവരണം ചെയ്ത പല പഞ്ചായത്തുകളിലും ഭരണസമിതിയില്ല. ദളിതൻപ്രസിഡന്റിന്റെ കീഴിൽ ഇരിക്കാനാവില്ലല്ലോ. ദളിതരെ നോമിനേഷൻ നൽകാൻ അനുവദിക്കുകയുമില്ല. ഇങ്ങനെ എത്ര അനുഭവങ്ങൾ.... ഇതിനെതിരെ പല പ്രതിഷേധങ്ങളും ഉയർന്നുവരാറുണ്ട്. ബുദ്ധമതം വ്യാപകമല്ലെങ്കിൽ കൂടി അംബേദ്കറെ പൂജിക്കുന്ന ഗ്രാമങ്ങൾ തമിഴ്നാട്ടിലുണ്ട്. മതപരിവർത്തനം മറ്റൊരു പ്രതിഷേധമാണ്. അതിവിപ്ലവകാരികളെന്നു പറയുന്ന യുക്തിവാദികൾ പോലും ജയലളിതയുടെ ഓർഡിനൻസിനെ പിന്താങ്ങുന്നതാണു രസകരമായ(അ)യുക്തി. കേന്ദ്രത്തിലെ സംഘപരിവാർ സർക്കാരുമായി അവരുടെ സഖ്യകക്ഷിയായ ഡി. എം. കെ യേക്കാൾ തങ്ങൾക്കാണടുപ്പമെന്നു സ്ഥാപിക്കാനാണവർ ശ്രമിക്കുന്നത്.

ദളിത് പ്രവർത്തകർ ചോദിക്കുന്ന ചില മർമ്മ പ്രധാന ചോദ്യങ്ങളുണ്ട്. ജനങ്ങളെ മതം മാറ്റാൻ സമ്മർദ്ദം ചെലുത്താൻ പാടില്ലെന്ന് ഭരണകൂടം പറയുന്നു. എന്നാൽ അടിച്ചമർത്തൽ സഹിച്ചുകൊണ്ട് സ്വന്തം മതത്തിൽ ജനങ്ങളെ ഉറപ്പിച്ചു നിർത്താൻ ഭരണകൂടം സമ്മർദ്ദം ചെലുത്തുന്നത് ശരിയോ?

ഹിന്ദു ക്ഷേത്രത്തിൽ ദർശനവും പൂജയും നടത്താൻ ഞങ്ങൾക്കനുവാദമില്ലെങ്കിൽ പിന്നെ ഞാൻ ഹിന്ദുവായി തുടരണമെന്നു നിർബന്ധിക്കാൻ ഭരണകൂടത്തിനെങ്ങിനെ കഴിയും? ആദ്യം സർക്കാർ ചെയ്യേണ്ടത്, ഈ ചൂഷണം ഒഴിവാക്കലാണ്. പക്ഷെ ഇതിന് ദളിത് വിരുദ്ധ ഭരണകൂടം തയ്യാറാവുകയില്ല. സവർണർക്ക് സ്വാധീനമുള്ളതാണ് ഭരണകൂടം. അതിൽ ദളിതന്റെ അധികാരം സ്ഥാപിക്കുകയെന്നതുതന്നെയാണ് ദളിത്രാഷ്ട്രീയം.

സവർണപ്രക്ഷോഭം പോലെതന്നെ മതപരിവർത്തനത്തിനുള്ള അവകാശത്തിനുവേണ്ടിയുള്ള പോരാട്ടവും സവർണ ഫാഷിസ്റ്റ്ഭരണസംവിധാനത്തിനെതിരായതാണ്. അതിലുമേറെ, ഈ ഭരണത്തിന്റെ പ്രത്യക്ഷ ഇരകളാണ് മതന്യൂപക്ഷങ്ങളും ദളിത്വിഭാഗങ്ങളും എന്നതിനാൽ ഇവർ തമ്മിലുള്ള ഐക്യം ജനാധിപത്യവൽക്കരണത്തിനുള്ള മുന്നുപാധിയാണ്.